**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3541** **27-06-2024 - ൽ മറുപടിയ്ക്ക്**

**നെൽകൃഷി വിപുലീകരണം**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. കെ. ജെ. മാക്സി</td><td colspan="2">ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>ഈ സർക്കാർ അധികാരമേറ്റതിനുശേഷം നെൽകൃഷി വിപുലീകരണവുമായി ബന്ധപ്പെട്ട് തരിശുഭൂമി കൃഷിഭൂമിയാക്കി മാറ്റുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നും എന്തൊക്കെ ആനുകൂല്യങ്ങളാണ് കർഷകർക്ക് നൽകി വരുന്നതെന്നും വ്യക്തമാക്കുമോ;</td><td>(എ)</td><td>സംസ്ഥാനാവിഷ്കൃത പദ്ധതിയായ നെൽകൃഷി വികസന പദ്ധതിയിലെ ഘടക പദ്ധതിയായ തരിശുനില കൃഷിക്ക് ഹെക്ടർ ഒന്നിന് 35000/- രൂപ കർഷകനും 5000/- രൂപ ഭൂവുടമകൾക്കും ചേർത്ത് ആകെ 40,000/- രൂപ ആനുകൂല്യം നൽകുന്നു. കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ തരിശുനില കൃഷി സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>
<table>
<tr><th>വർഷം</th><th>വിസ്തീർണം (ഹെക്ടർ)</th><th>ആനുകൂല്യം<br>(ലക്ഷം രൂപ)</th></tr>
<tr><td>2021-22</td><td>748.9205</td><td>299.5682</td></tr>
<tr><td>2022-23</td><td>970.19185</td><td>318.32185</td></tr>
<tr><td>2023-24</td><td>678.93</td><td>206.11727</td></tr>
<tr><td>ആകെ</td><td>2398.04235</td><td>824.00732</td></tr>
</table>
<br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തിയും തരിശുനില നെൽക്കൃഷിയ്ക്ക് ആനുകൂല്യം നൽകുന്നുണ്ട്. കൂടാതെ നെൽവയൽ ഉടമകൾക്ക് പാഡി റോയൽറ്റി ഹെക്ടർ ഒന്നിന് 3000/-രൂപ അനുവദിക്കുന്നതിലൂടെ സ്വന്തമായോ പാട്ടത്തിനോ നെൽകൃഷി ചെയ്യുന്നതിന് ഉടമകൾക്ക് പ്രോത്സാഹനം നൽകുന്നു.</td></tr>
<tr><td>(ബി)</td><td>ഭക്ഷ്യോല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്നും അത് എപ്പോൾ കൈവരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ?</td><td>(ബി)</td><td>കേരളീയരിൽ കാർഷിക സംസ്കാരം ഉണർത്തുന്നതിനും, ഭക്ഷ്യ സ്വയം പര്യാപ്തതയ്ക്കും, സുരക്ഷിത ഭക്ഷണം ഉറപ്പു വരുത്തുന്നതിനുമായി ഞങ്ങളും കൃഷിയിലേക്ക് പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ ഭക്ഷ്യോല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി സ്വീകരിച്ച വരുന്ന വിവിധ നടപടികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം ആയും ചേർക്കുന്നു.</td></tr>
</table>

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**ഭക്ഷ്യോല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി സ്വീകരിച്ചു വരുന്ന നടപടികൾ സംബന്ധിച്ച വിവരങ്ങൾ :**

ഗുണമേന്മയുള്ളതും അത്യുത്പാദന ശേഷിയുള്ളതുമായ നെൽവിത്ത് ലഭ്യമാക്കിയും ശാസ്ത്രീയമായ നെൽകൃഷി രീതികൾ അവലംബിക്കുന്നതിനു വേണ്ട സാങ്കേതിക ഉപദേശങ്ങൾ നൽകിയും മറ്റ് ഉത്പാദനോപാധികളുടെയും കൃഷിക്കാവശ്യമായ യന്ത്രോപകരണങ്ങളുടെ ലഭ്യത ഉറപ്പാക്കിയും നെൽകൃഷിയുടെ വിസ്തൃതി കുറയുന്നത് ഒഴിവാക്കുവാനും നെൽകൃഷിയിൽ നിന്നും പരമാവധി ഉത്പാദനം ഉറപ്പാക്കാനും നെൽകർഷകരെ സഹായിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് കൃഷി വകുപ്പ് കൈക്കൊണ്ടു വരുന്നത്. സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതിയിലുൾപ്പെടുത്തി ചുവടെ ചേർക്കുന്ന ഘടകങ്ങൾ നടപ്പിലാക്കി വരുന്നു.

- അത്യുൽപാദനശേഷിയുള്ള നെൽവിത്ത്, വളം, ജൈവിക കീടരോഗ നിയന്ത്രണം മുതലായവയ്ക്കായി സുസ്ഥിര നെൽകൃഷി വികസനം .
- നെൽവയലുകളുടെ ഉടമസ്ഥർക്ക് റോയൽറ്റി .
- നെൽവയലിലെ മണ്ണിന്റെ ആരോഗ്യ പരിപാലനത്തിനായി കുമ്മായ വിതരണം .
- പൊതു ഞാറ്റടി, കാർഷിക യന്ത്രോപകരണങ്ങളുടെ റിപ്പയർ, തോടുകളുടെ അറ്റകുറ്റ പണികൾ തുടങ്ങിയ പാടശേഖരസമിതികളുടെ പൊതുവായ ആവശ്യങ്ങൾക്കുള്ള പ്രവർത്തന ചിലവിനായി ധനസഹായം.
- നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി രൂപീകരിക്കപ്പെട്ടിട്ടുള്ള 10 നെൽകൃഷി വികസന ഏജൻസികൾക്കായി ഹോണറേറിയം, സിറ്റിംഗ് ഫീസ്, പ്രോജക്ടാധിഷ്ഠിത ധനസഹായം .
- കോൾ മേഖലയിലെ നെൽകൃഷി വികസനത്തിനായി തൃശ്ശൂർ ജില്ലയിൽ നടപ്പാക്കിയ പ്രത്യേക ഓപ്പറേഷൻ ഡബിൾ കോൾ പദ്ധതിയിൽ ഉൾപ്പെടുത്തി ഒരുപ്പൂ കൃഷിയിറക്കുന്ന കോൾ പടവുകളിൽ രണ്ടു പൂ നെൽകൃഷി/ഒന്നാം വിള നെൽകൃഷിക്ക് ശേഷം രണ്ടാം വിളയായി പയർ/ചോളം/എണ്ണക്കുരു വിളകൾ എന്നിവയുടെ കൃഷി, പമ്പ്സെറ്റ് ഉൾപ്പെടെയുള്ള മെഷിനറികൾ വാങ്ങി സ്ഥാപിക്കൽ, ബണ്ടുകളുടെയും സ്ലൂയിസുകളുടെയും അറ്റകുറ്റപ്പണി, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ എന്നിവയ്ക്കായി ആനുകൂല്യം .
- പ്രത്യേക നെല്ലിനങ്ങളുടെ കൃഷിയ്ക്കായി ആനുകൂല്യം .
- നെൽകൃഷിക്കാവശ്യമായ ഗുണമേന്മയുള്ള നെൽവിത്ത് ഉത്പാദിപ്പിച്ച് കർഷകർക്ക് ലഭ്യമാക്കുന്നതിന് രജിസ്റ്റേർഡ് വിത്തുത്പാദക പദ്ധതി .
- പ്രൊജക്ട് അടിസ്ഥാനത്തിൽ ബ്ലോക്ക് തല സംയോജനത്തോടെ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം, അരി മില്ലുകളുടെ സ്ഥാപനം, തദ്ദേശ ബ്രാൻഡുകളുടെ പ്രോത്സാഹനം .
- ഡ്രോൺ ഉപയോഗിച്ച് പത്രപോഷണത്തിലൂടെ സൂക്ഷ്മ മൂലകങ്ങൾ നൽകുന്നത് വഴി നെല്ലിന്റെ ഉൽപ്പാദനം വർധിപ്പിക്കുന്ന പദ്ധതി .

കൂടാതെ നോൺ പ്ലാൻ (പദ്ധതിയേതരം) ഇനത്തിൽ ഉൾപ്പെടുത്തി രണ്ടു സീസണിലും നെൽകൃഷിക്ക് ഉത്പാദന ബോണസ് നൽകുന്നു. കാർഷിക വൈദ്യുതി സൗജന്യ പദ്ധതി പ്രകാരം നെൽകൃഷിക്ക് ഭൂപരിധിയില്ലാതെ സൗജന്യ വൈദ്യുതി, പാലക്കാട് ജില്ലയ്ക്കായി നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി, ജനകീയാസൂത്രണം വഴി നടപ്പിലാക്കുന്ന വിവിധ നെൽകൃഷി വികസന പദ്ധതികൾ എന്നിവയിലൂടെ നെൽകൃഷിയുടെ വിസ്തൃതിയും ഉല്പാദനവും വർദ്ധിപ്പിക്കുന്നതിനു വേണ്ടിയുള്ള വിവിധ പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നു.

ഇതിനു പുറമേ ചെറുധാന്യങ്ങളുടെ കൃഷി, കിഴങ്ങുവർഗ്ഗങ്ങൾ, പയർ വർഗ്ഗങ്ങൾ എന്നിവയുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിലൂടെ ഭക്ഷ്യ സ്വയം പര്യാപ്തത കൈവരിക്കുവാനുള്ള പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നു.